# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2076 07.03.2017-ൽ മറുപടിക്ക്

## ഇ-ഹെൽത്ത് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഐ.ബി. സതീഷ്<br>ശ്രീ.കെ.ഡി. പ്രസേനൻ<br>ശ്രീ. യു. ആർ. പ്രദീപ്<br>ശ്രീ. കെ.ജെ. മാക്സി | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് തുടക്കം കുറിച്ച ഇ-ഹെൽത്ത് പദ്ധതി ലക്ഷ്യമാക്കുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | എ) | പൊതുജനങ്ങളുടെ ആരോഗ്യ സംബന്ധമായ വിവരങ്ങൾ കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനത്തിൽ ശേഖരിക്കുക വഴി ഒരു രോഗിക്ക് സംസ്ഥാനത്തെ ഏത് സർക്കാർ ആശുപത്രികളിലും തുടർ ചികിത്സയ്ക്ക് സൗകര്യം ലഭിക്കുന്നു. പ്രാഥമികമായ ആരോഗ്യ വിവരങ്ങൾ കമ്പ്യൂട്ടറിൽ ലഭ്യമായതിനാൽ അപ്രതീക്ഷിതമായി വൈദ്യ സഹായം വേണ്ട ഘട്ടം വരുമ്പോൾ വളരെയേറെ സമയലാഭം ലഭിക്കുകയും ചെയ്യും. ആശുപത്രിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലൂടെ മെച്ചപ്പെട്ട സേവനം രോഗികൾക്ക് ലഭിക്കുന്നു. ടെസ്റ്റ് റിസൽട്ടുകൾ അപ്പപ്പോൾ ഡോക്ടർമാരുടെ കമ്പ്യൂട്ടറിൽ ലഭിക്കുന്നതിനാൽ കാലതാമസം ഒഴിവാകുന്നു.<br>സാംക്രമിക രോഗങ്ങളുടെ ഉത്ഭവത്തെ യഥാസമയം കണ്ടെത്തി അതിന്റെ വ്യാപനത്തെ യഥാവസരം തന്നെ നിയന്ത്രിക്കാൻ കഴിയുന്നു. ആവശ്യമായ പ്രതിരോധ പ്രവർത്തനങ്ങൾ കാലേക്കൂട്ടി തന്നെ നടത്താൻ പദ്ധതി സഹായകമാകും. ഗവേഷണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ പദ്ധതി നടപ്പിലാകുന്നതോടെ ലഭിക്കുകയും ചെയ്യുന്നു. കൂടുതൽ ശ്രദ്ധയും പരിചരണവും വേണ്ടവർക്ക് അതനുസരിച്ചുള്ള വിവരങ്ങൾ കമ്പ്യൂട്ടറിൽ നിന്നും ആരോഗ്യ പ്രവർത്തകർക്ക് ലഭിക്കുന്ന സംവിധാനവും ഉണ്ട്. ഗർഭിണികളായ സ്ത്രീകൾക്ക് കൃത്യമായ ഇടവേളകളിൽ നൽകേണ്ട നിർദ്ദേശങ്ങൾ, കുട്ടികൾക്ക് നൽകുന്ന പ്രതിരോധ കുത്തിവയ്പുകൾ എന്നിവ ഉദാഹരണം.<br>എഴുത്തുകുത്തുകളും രജിസ്റ്ററുകളും ഒഴിവാകുന്നതുവഴി ആരോഗ്യപ്രവർത്തകർക്ക് ജോലിഭാരം ലഘൂകരിച്ച് കൂടുതൽ സമയം സേവന മേഖലയിൽ ശ്രദ്ധിക്കാൻ കഴിയുന്നു. ആശുപത്രികളിൽ മരുന്നുകളുടെ സ്റ്റോക്ക നിലവാരം മനസ്സിലാക്കി അവ തീരുന്ന മുറയ്ക്ക് സംഭരിക്കാൻ സാധിക്കുന്നു. വിവിധ ക്ഷേമ പരിരക്ഷകളും അവയുടെ സാമ്പത്തിക വിനിമയ നടപടികളും കൂടുതൽ സുഗമമായി കൈകാര്യം ചെയ്യാൻ സാധിക്കും. |

| | | | |
|---|---|---|---|
| ബി) | പദ്ധതി നടപ്പാക്കാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എന്തൊക്കെയെന്നും ഇവ സജ്ജമാക്കുന്നതിന്റെ പുരോഗതിയും അറിയിക്കാമോ; ഇതിനായി എത്ര രൂപ ചെലവു വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്; | ബി) | കമ്പ്യൂട്ടറുകൾ, സർവറുകൾ, പ്രിന്റർ തുടങ്ങിയ അനുബന്ധ ഉപകരണങ്ങൾ ആശുപത്രികളിൽ ഉണ്ടാകണം. കമ്പ്യൂട്ടർ നെറ്റ് വർക്ക്, ഇലക്ട്രിക്കൽ വയറിംഗ്, ജനറേറ്റർ, വൈഡ് ഏരിയ നെറ്റ് വർക്ക് എന്നിവ ആവശ്യമാണ്. ഫീൽഡ് തലത്തിൽ പ്രവർത്തനവും വിവര ശേഖരണവും നടത്തുന്ന ആരോഗ്യപ്രവർത്തകർക്ക് ടാബ്ലെറ്റ് പി.സി ആവശ്യമാണ്. തിരുവനന്തപുരത്തെ പൈലറ്റ് ഇംപ്ലിമെന്റേഷൻ സ്ഥാപനങ്ങളിൽ മെഡിക്കൽ കോളേജ് ഒഴികെയുള്ള സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാക്കി. ആരോഗ്യ പ്രവർത്തകർക്ക് നൽകുന്നതിലേക്കായി 8000 ടാബ്ലെറ്റ് പി.സി വാങ്ങി അതിൽ configuration നടന്നു വരുന്നു. അടിസ്ഥാന സൗകര്യത്തിനായി ആകെ 56 കോടി രൂപ വേണ്ടി വരുമെന്നാണ് പ്രോജക്ട് റിപ്പോർട്ടിൽ കണക്കാക്കിയിരിക്കുന്നത്. |
| സി) | ഏതെങ്കിലും കേന്ദ്രങ്ങളിൽ പദ്ധതിയുടെ പൈലറ്റ് ഇംപ്ലിമെന്റേഷൻ നടന്നിട്ടുണ്ടോ; എങ്കിൽ അതിന്റെ വിലയിരുത്തലിന്റെ വിശദാംശം നൽകുമോ? | സി) | പൈലറ്റ് ഇംപ്ലിമെന്റേഷൻ നടന്ന സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു.<br>(1) വേളി, ചെറുന്നിയൂർ, ഉഴമലയ്ക്കൽ എന്നിവിടങ്ങളിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ<br>(2) മണമ്പൂർ, വെള്ളനാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ<br>(3) ചിറയിൻകീഴ്, ഫോർട്ട് താലൂക്ക് ആശുപത്രികൾ<br>(4) പബ്ലിക് ഹെൽത്ത് ലാബ്<br>(5) പേരൂർക്കട ജില്ല ആശുപത്രി<br>പൈലറ്റ് ഇംപ്ലിമെന്റേഷൻ നടത്തിയ സ്ഥാപനങ്ങളിലെ വിവിധ തലത്തിലുള്ള ഉപയോക്താക്കളിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് സോഫ്റ്റ് വെയറിന് ആവശ്യമായ ഭേദഗതികൾ വരുത്തിക്കൊണ്ടിരിക്കുകയാണ്. ഈ പ്രക്രിയ പൂർത്തീകരിച്ചതിനുശേഷം പുതിയ വെർഷൻ (2.0) രൂപീകരിക്കേണ്ടതുണ്ട്. സോഫ്റ്റ് വെയറിന്റെ 2.0 വെർഷൻ ആണ് വിശദമായ പരിശോധനകൾക്കും വിലയിരുത്തലിനും വിധേയമാകുന്നത്. |

(signature)

**സെക്ഷൻ ഓഫീസർ**